Talented Bankers Literary Panel
പുസ്തക പരിചയം 187

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

മാഞ്ഞുപോയില്ല വൃത്തങ്ങൾ
കവിതാസമാഹാരം
ശ്രീകുമാർകരിയാട്

ക്യാൻവാസിൽ കവിതയെഴുതുന്ന ആൾ
ശ്രീകുമാർകരിയാട് എന്ന വഴിയിലൂടെ ആദ്യമായിട്ടാണ് യാത്ര ചെയ്യുന്നത്.

എസ് ജോസഫിനെ പോലെ ഇദ്ദേഹവും ചിത്രകലയെ ഉപാസിക്കുന്ന
ആളാണെന്നു തോന്നുന്നു.

ഒന്നാമത്തെ 'മകൾ' എന്ന കവിതയിൽ നിന്നും തുടങ്ങി രണ്ടാംഘട്ടത്തിലെ
ഗുഹാകവിതകളിലെല്ലാം നിറഞ്ഞു പരന്നൊഴുകുന്നു ആ സ്വാധീനം.

ശ്രീകുമാർ കവിതയെഴുതാൻ
പേന കയ്യിലെടുക്കുമ്പോൾ ലോകത്തെവിടെയോ ഒരാൾ ബ്രഷും
കയ്യിലെടുക്കുന്നുണ്ട്.

നമ്മളടയിരുന്നാലും വിരിയാത്ത
'മുട്ട'ക്കവിതകൾ ഒത്തിരിയുണ്ട് അദ്ദേഹത്തിന്റെ.

"ആംഗ്യം പോലെ വസിക്കുക
വ്യംഗ്യമായിപ്പറന്നെല്ലാ
മുക്കിലും നീ ന്യസിക്കുക."
(കവിത-ചോര പൊടിഞ്ഞില്ല)

ഇതിനു കടകവിരുദ്ധമാണ്
"മുള്ളുകാടുകളുടെയിയിൽക്കുടുങ്ങിയ മുയലിൻ മുറിവേറ്റ ഹൃദയം
കണ്ടൂ മകൾ "
എന്ന വരികൾ
(കവിത- വന്നതോർക്കുന്നു)

കവിത രക്തമല്ല, പൂവാണെന്നുറക്കെ പറയുന്നു(പാടുന്നു)
"അരിയ മുള്ളുകളുള്ള കുറ്റിച്ചെടി-
ക്കരികിലുള്ളൊരു കല്ലിൻറെ കണ്ണുകൾ ജലകണങ്ങളണിഞ്ഞു
നിൽക്കുന്നതു

സഖീ, നമുക്കുള്ള സങ്കടം കൊണ്ടു താൻ" എന്ന വരികൾ
( കവിത- സംയുക്തക്ക്)

റദ്ദുചെയ്യലുകളുടെ
രതിസുഖമേകുന്നു 'വേണ്ട' എന്ന കവിത.
('കാറൽ മാർക്സ് ഇനി വേണ്ട
ദൈവമുള്ളപ്പോൾ തത്വചിന്തകൻ
വേറെന്തിന്?')

രണ്ടാം ഭാഗത്തിലാണ് ചിത്രകാരന്റെ ആത്മാവ് കവിയെ പരിപൂർണ്ണമായി
കീഴ്പ്പെടുത്തുന്നത്.

"പുരികങ്ങളിലും മൂക്കിൻ
തുമ്പിൽ ,കാതിൽ ,കഴുത്തിലും
വിതുമ്പിനില്ക്കുന്നതന്നത്തെ പ്രപഞ്ചത്തിൻറെ പുഞ്ചിരി"
(കവിത -തുറക്കില്ലവ)

"പുലിയും സിംഹവും മാനും
പോത്തും കാണ്ടാമൃഗങ്ങളും
വരച്ചൊരാ വിരൽത്തുമ്പ്
പൂവിൻ കാര്യം മറന്നു പോയ്"

(പൂവിൻ കാര്യം മറന്നു പോയി)

ഗുഹാമുഖങ്ങളിലൂടെ കടന്നുപോകുമ്പോൾ,
ചിലന്തി ൺവലകളല്ല ,കവിതയുടെ പട്ടുനൂലുകൾ തന്നെയാണു
ദൃശ്യമാവുക.

"തെളിഞ്ഞു പുഴയിൽനിന്നും
തണ്ണീർ കോരിത്തരുന്നപോൽ
ചിത്രകാരൻ നമുക്കായി
പകർത്തീ മരണത്തിനെ"
(തണ്ണീർ കോരിത്തരുന്ന പോൽ)

കരിയാട് മാഷിന്റെ
കാവ്യ പരിസരങ്ങളിലൂടെ
കടന്നുപോകുമ്പോൾ പ്രാചീനമായൊരു തണുപ്പ് നമ്മെ വന്നു തൊടും!

എന്നിട്ട് പറയും,

'കരിയാടല്ല
കരിവണ്ട്!

എല്ലാ അക്ഷരസൂനങ്ങൾക്കു മുകളിലൂടടയും അനായാസതയോടെ പറന്നുനടക്കുന്നയാൾ!

ഡിസി
₹75